# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

12.03.2015 – ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1223

## കയർ ഉല്പാദന രംഗത്തെ പ്രതിസന്ധി

| ചോദ്യം<br>ശ്രീ. വി.ശശി | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
| --- | --- |
| (എ) കയർ മേഖലയിൽ അസംസ്കൃത വസ്തുവായ ചകിരിയുടെ ക്ഷാമവും വില വ്യതിയാനവും കൂലി കൂടുതലിനായി ഈ മേഖലയിലെ തൊഴിലാളികൾ മറ്റ് മേഖലയിലേക്ക് കൊഴിഞ്ഞ് പോകുന്നതിനാലും കയർ ഉല്പാദന രംഗത്ത് ഉണ്ടായിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) ചകിരിയുടെ അടിക്കടിയുള്ള വില വർദ്ധനവും ദൗർലഭ്യവും, മറ്റ് തൊഴിൽ മേഖലയെ അപേക്ഷിച്ച് കയർ മേഖലയിലെ കുറഞ്ഞ കൂലിയും കാരണം നിർമ്മാണ മേഖല ഉൾപ്പെടയുള്ള തൊഴിൽ മേഖലകളിലേക്ക് തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് കയർ മേഖലയിലെ പ്രധാന പ്രശ്നമാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 01/03/2014 മുതൽ 300/- രൂപയായും ഉല്പന്ന മേഖലയിലെ കുറഞ്ഞ കൂലി 01/03/2013 മുതൽ 360/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പ ദ്ധതി പ്രകാരം 2011-12- ൽ 388 കയർ സഹകരണ സംഘങ്ങൾക്ക് 9,54,73,406/- രൂപയും, 2012-13 ൽ 440 സംഘങ്ങൾക്ക് 89692648/- രൂപയും 2013-14 ൽ 78 സംഘങ്ങൾക്ക് 1,45,25,260/- രൂപയും, നടപ്പു വർഷം 15,84,250/- രൂപയും പ്രവർത്തന മൂലധനമായി അനുവദിച്ചു. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 2011-12 ൽ 1,27,50,175/- രൂപയും, 2012-13 ൽ 2,07,59,149/- രൂപയും, 2013-14 ൽ 11,20,75,971/- രൂപയും, നടപ്പുവർഷം ഇതുവരെ 8,98,21,886/- രൂപയും അനുവദിച്ചിട്ടുണ്ട്. ഈ നടപടികൾമൂലം ഉല്പാദന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ സംഘങ്ങൾക്കായിട്ടുണ്ട്. കൂടാതെ, തൊണ്ട് സംഭരിച്ച് ച കിരിയാക്കുന്നതിന് ഒരു പുതിയ പദ്ധതിയ്ക്കും നാളികേര വികസന ബോർഡു മായിട്ടുള്ള ഒരു പ്രോജക്റ്റിനും അംഗീകാരം നൽകിയിട്ടുണ്ട് |
| (ബി) ഉല്പാദന ചെലവിന് അനുസൃതമായി വില നൽകി കയറുല്പന്നം സംഭരിക്കുന്ന | (ബി) ഉല്പാദന ചെലവിന് അനുസൃതമായി വില നൽകി കയറുല്പന്നം സംഭരിക്കുന്ന തിനും വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ |

| | |
|---|---|
| തിനും വിതരണം ചെയ്യുന്നതിനും നിലവിലുള്ള സംവിധാനത്തെ സംബന്ധിച്ച് വിവരിക്കാമോ; | യഥാസമയം സ്വീകരിച്ചു വരുന്നുണ്ട്. കയർ സഹകരണ സംഘങ്ങളും ചെറുകിട ഉല്പാദകരും ഉല്പാദിപ്പിക്കുന്ന കയറും കയറുല്പന്നങ്ങളും സംഭരിക്കുന്നതിന് കയർഫെഡിനെയും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി കയർഫെഡിന് പ്രവർത്തന മൂലധനവും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് കയർ ക്രയവിലാ സ്ഥിരതാ പദ്ധതി (PPSS) പ്രകാരം സാമ്പത്തിക സഹായവും അനുവദിച്ചു വരുന്നു. |
| (സി) ഈ മേഖലയിൽ അസംസ്കൃത വസ്തുക്കൾ സുലഭമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്? | (സി) അസംസ്കൃത വസ്തുവായ ചകിരി ആവശ്യാനുസരണം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പ്രാദേശികമായ സാഹചര്യങ്ങൾ കൂടി ഉൾക്കൊണ്ട് പ്രായോഗികമായ രീതിയിൽ 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ഒരു പുതിയ പദ്ധതിക്കും നാളീകേര വികസന ബോർഡുമായുള്ള ഒരു പ്രോജക്ടിനും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങൾക്ക് സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കാൻ കയർഫെഡിന് 2013-14 വർഷം 4,86,20,000-/ രൂപ സർക്കാർ നൽകി. കയർഫെഡ് നവംബർ 2013 മുതൽ 2014 മെയ് 23 വരെ 12,04,81,802/- രൂപ വിലവരുന്ന 43710.82 ക്വിന്റലും, 06.08.2014 മുതൽ 05.09.2014 വരെ 4,35,56,658/- രൂപ വരുന്ന 16040.45 ക്വിന്റലും ചകിരി സബ്സിഡി നിരക്കിൽ നൽകി. കൂടാതെ, ചകിരി ഉല്പാദക സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഉണക്കത്തൊണ്ടും പച്ചത്തൊണ്ടും ചതച്ച് ചകിരിയാക്കാൻ കഴിയുന്ന പുതിയൊരു ഡീഫൈബറിംഗ് മെഷീൻ NCRMI വികസിപ്പിച്ചെടുത്തിട്ടുണ്ട് ഇത് സർക്കാർ നിയന്ത്രണത്തിലുള്ള കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനിയിലൂടെ ഉല്പാദിപ്പിച്ച് കയർ മേഖലയ്ക്ക് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ